പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2287** **12-02-2024-ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ സർജറികളുടെ കാലതാമസം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സർജറി ഉപകരണങ്ങളുടെ അപര്യാപ്തത മൂലം കാർഡിയോ തെറാസിക് ഓപ്പറേഷൻ, വാസ്കുലാർ സർജറി, ഹാർട്ട് ഓപ്പറേഷൻ, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നിവ നടത്തുന്നതിന് കാലതാമസം നേരിടുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോ തൊറാസിക് സർജറി വിഭാഗത്തിൽ സർജറി ഉപകരണങ്ങളുടെ അപര്യാപ്തത മൂലം കാർഡിയോ തൊറാസിക് ഓപ്പറേഷൻ, വാസ്കുലാർ സർജറി, ഹാർട്ട് ഓപ്പറേഷൻ എന്നിവ നടത്തുന്നതിന് കാലതാമസം നേരിടുന്നില്ല. കാർഡിയോളജി വിഭാഗത്തിൽ ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി എന്നിവയ്ക്കും കാലതാമസം ഇല്ല

**(ബി)** 2024 ജനുവരി മാസം വരെ പ്രസ്തുത ഓപ്പറേഷനുകൾക്കായി ഓരോ മെഡിക്കൽ കോളേജുകളിലും മുൻഗണനാടിസ്ഥാനത്തിൽ എത്ര പേരാണ് കാത്തിരിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ;

**മറുപടി:** വകുപ്പിന് കീഴിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ **കാർഡിയോ തൊറാസിക് സർജറി വിഭാഗത്തിൽ സർജറിക്കായി** രജിസ്റ്റർ ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു

- തിരുവനന്തപുരം മെഡിക്കൽ കോളേജ് - 20
- കോട്ടയം മെഡിക്കൽ കോളേജ് - 1300
- തൃശ്ശൂർ മെഡിക്കൽ കോളേജ് - 100
- കോഴിക്കോട് മെഡിക്കൽ കോളേജ് - 327

**ആകെ 1747**

**വാസ്കുലാർ സർജറി, ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി** തുടങ്ങിയവയ്ക്കായി കാത്തിരിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു

- കോട്ടയം മെഡിക്കൽ കോളേജ് -66
- കണ്ണൂർ മെഡിക്കൽ കോളേജ് -80
- മഞ്ചേരി മെഡിക്കൽ കോളേജ് -28
- കൊല്ലം മെഡിക്കൽ കോളേജ് -18

**<u>ആകെ 192</u>**

**(സി)** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ സ്റ്റെന്റ്, കത്തീറ്റർ, ഗൈഡ് വയർ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ സപ്ലൈ ചെയ്തയിനത്തിൽ സർജിക്കൽ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് കൊടുക്കുവാനുള്ളത്?

**<u>മറുപടി:</u>** മെഡിക്കൽ കോളേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു

1.ഗവൺമെൻറ് മെഡിക്കൽ കോളേജ് തിരുവനന്തപുരം - 20,14,99,924/-

2. ഗവൺമെൻറ് മെഡിക്കൽ കോളേജ് കൊല്ലം -2,23,47,798/-

3 ഗവൺമെൻറ് മെഡിക്കൽ കോളേജ് ആലപ്പുഴ – 3,38,45,731/-

4. ഗവൺമെൻറ് മെഡിക്കൽ കോളേജ് കോട്ടയം – 33,54,69,234/-

5. ഗവൺമെൻറ് മെഡിക്കൽ കോളേജ് തൃശ്ശൂർ – 45,45,550/-

6. ഗവൺമെൻറ് മെഡിക്കൽ കോളേജ് മഞ്ചേരി – 2,99,53,844/-

7. ഗവൺമെൻറ് മെഡിക്കൽ കോളേജ് കോഴിക്കോട് – 20,84,04,637/-

8. ഗവൺമെൻറ് മെഡിക്കൽ കോളേജ് എറണാകുളം – 96,00,000/-

9. ഗവൺമെൻറ് മെഡിക്കൽ കോളേജ് കണ്ണൂർ – 9,00,00,000/-

10. ഗവൺമെൻറ് മെഡിക്കൽ കോളേജ് കോന്നി – Nil

11. ഗവൺമെൻറ് മെഡിക്കൽ കോളേജ് വയനാട് - Nil

12. ഗവൺമെൻറ് മെഡിക്കൽ കോളേജ് ഇടുക്കി - Nil

13. ഗവൺമെൻറ് മെഡിക്കൽ കോളേജ് കാസർഗോഡ് - Nil

**സെക്ഷൻ ഓഫീസർ**